**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമിസംബന്ധമായ ബി.ടി.ആർ. രേഖ തിരുത്തുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിസംബന്ധമായ ബി.ടി.ആർ. രേഖ തിരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ബി.ടി.ആറിൽ തിരുത്തലുകൾ വരുത്തുന്നതിന് നിലവിൽ നിയമമില്ല.<br><br>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റത്തിനായി, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ബി.ടി.ആറി-ൽ 'നിലം' എന്ന് രേഖപ്പെടുത്തിയ പ്രസ്തുത ഭൂമി സംബന്ധിച്ച്, വില്ലേജ് ആഫീസർ/ കൃഷി ആഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, ആവശ്യമെന്നു കാണുന്ന പക്ഷം, നേരിട്ടു സ്ഥല പരിശോധന നടത്തിയും, കെ.എസ്.ആർ.ഇ.സി യുടെ റിപ്പോർട്ട് ലഭ്യമാക്കിയും, നിയമപ്രകാരമുള്ള നടപടികൾ പാലിച്ചു കൊണ്ട്, റവന്യൂ ഡിവിഷണൽ ഓഫീസർ തരം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു. ശേഷം, പ്രസ്തുത ഭൂമി സംബന്ധിച്ച് റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനായി ബന്ധപ്പെട്ട തഹസിൽദാർ (ഭൂരേഖ), ഉത്തരവ് പുറപ്പെടുവിക്കുകയും, തുടർന്ന്, വില്ലേജ് ഓഫീസർ തരം മാറ്റ വിവരം സപ്ലിമെന്ററി ബി.ടി.ആറി-ൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു. |
| (ബി) | ഭൂമി തരം മാറ്റുന്നതിന് സഹായിക്കാമെന്ന പേരിൽ സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും പരസ്യം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (ബി) | ഭൂമി തരം മാറ്റുന്നതിന് സഹായിക്കാമെന്ന പേരിൽ ഇടനിലക്കാർ പരസ്യം ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br><br>ഇപ്രകാരം പ്രവർത്തിക്കുന്ന ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറിയതോടെ മുൻഗണനാക്രമം പാലിച്ച് മാത്രമേ അപേക്ഷ കൈകാര്യം ചെയ്യാൻ സാധിക്കു. ഇത് ഒരു പരിധിവരെ ഇടനിലക്കാരുടെ പ്രവർത്തനത്തെ |

| | | | |
|---|---|---|---|
| | | | ഇല്ലാതാക്കാൻ സഹായിച്ചിട്ടുണ്ട്. അപേക്ഷകൾ വേഗത്തിൽ സുതാര്യമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതോടെ ഇടനിലക്കാരുടെ പ്രവർത്തനം വലിയതോതിൽ ഇല്ലാതായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. |
| (സി) | പൊതു ആവശ്യത്തിന് ഭൂമി തരം മാറ്റുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള അപേക്ഷ, പ്രാദേശികതല നിരീക്ഷണ സമിതിയുടെ (LLMC) കൺവീനറായ കൃഷി ഓഫീസർക്കാണ് നല്കേണ്ടത്. തുടർന്ന്, പ്രാദേശികതല നിരീക്ഷണ സമിതി, സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയും, അപേക്ഷ സംബന്ധിച്ചുള്ള വിശദമായ പരിശോധനകൾക്ക് ശേഷം, സംസ്ഥാനതല സമിതിയുടെ ശുപാർശ സഹിതം സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.<br><br>പൊതു ആവശ്യത്തിനായുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത (ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്ത) ഭൂമിയുടെ തരം മാറ്റത്തിനായി, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് അപേക്ഷ നല്കേണ്ടത്. റവന്യൂ ഡിവിഷണൽ ഓഫീസർ, നിയമപ്രകാരമുള്ള നടപടികൾ പാലിച്ചു കൊണ്ട്, സർക്കാരിന് റിപ്പോർട്ട് നല്കുകയും ചെയ്യുന്നു. തുടർന്ന്, ടി വിഷയം, കാർഷികോൽപ്പാദന കമ്മീഷണർ കൺവീനറായ സംസ്ഥാനതല സമിതി പരിശോധിക്കുകയും, ആയതു സംബന്ധിച്ചുള്ള ശുപാർശ സഹിതം സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.<br><br>മേൽ പ്രകാരമുള്ള സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനു ശേഷം, പൊതു ആവശ്യത്തിനായി, ഈ ആക്റ്റിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കൽ അനുവദിച്ചു കൊണ്ടോ നിരസിച്ചു കൊണ്ടോ, സർക്കാർ രേഖാമൂലം ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ